Draft #2 of File 43724/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 29-Nov-2019 12:03 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സർവകലാശാലയിൽ നടപ്പാക്കുന്ന കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് 16.11.2019 -ലെ സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 3**

നമ്പർ. 6083/P&D 3/2019/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 30.11.2019

---

പരാമർശം:-1) യു ഓ നം. 7209/പി & ഡി-3 /2/2017/ഭ.വി തീയതി : 08.12.2017
2) യു ഓ നം. 3275 /പി & ഡി-3 /1/2018/ഭ.വി തീയതി : 12.04.2018
3) GO (Rt) No. 1189/2018/HEDN തീയതി . 19.06.2018
4) 16.11.2019 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ.06/19.10/DDFS 43724/2019

**ഉത്തരവ്**

കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദമായ രൂപ രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു വൈസ് ചാൻസലറുടെ ചേംബറിൽ, 20.11.2017ന് കിറ്റ്കോ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിറ്റ്സ് അംഗീകരിച്ചു കൊണ്ട് പരാമർ ശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മിനിറ്റ്സിലെ ഇനം. 1 പ്രകാരം നിർദിഷ്ട കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സർവകലാശാലയിൽ വൃക്ഷ നിബിഡമല്ലാത്ത തുറസ്സായ സ്ഥലങ്ങൾ നിലവിൽ പരിമിതമായതിനാൽ സർവകലാശാലയിലെ പഴയ സെമി പെർമനെന്റ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പദ്ധതി നടപ്പാക്കാവുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. അതിനായി നിലവിലെ പോസ്റ്റ് ഓഫീസ് കെട്ടിടം മുതൽ സ്കൂൾ ഓഫ് ലെറ്റേഴ്സ് വരെയുള്ള പ്രദേശം ഉപയോഗപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു.

പരാമർശം (2) പ്രകാരം , 24.03.2018തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം കിറ്റ്കോ സമർപ്പിച്ച Rs.132,75,81,772.35/- (നൂറ്റി മുപ്പത്തി രണ്ടു കോടി എഴുപത്തി അഞ്ചു ലക്ഷത്തി എൺപത്തൊന്നായിരത്തി എഴുനൂറ്റി എഴുപത്തി രണ്ടു രൂപ മുപ്പത്തി അഞ്ചു പൈസ മാത്രം) രൂപയുടെ ഫേസ്- 1 ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാഡമിക് ആൻഡ് റിസർച് (സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് ആൻഡ് ലബോറട്ടറി എക്വിപ്മെന്റ്സ്) പദ്ധതിയുടെ റിവൈസ്ഡ് ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പദ്ധതിയുടെ പ്രൊപോസൽ ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു.

പരാമർശം (3) പ്രകാരം , പ്രസ്തുത പദ്ധതിക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിരുന്നു.

പരാമർശം( 4 ) പ്രകാരം 16/11/2019ന് കൂടിയ സിണ്ടിക്കേറ്റ് യോഗത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാഡമിക് ആൻഡ് റിസർച് ആയി ഉയർത്തുന്നതിന് കിഫ്ബി പദ്ധതിയിൽപെടുത്തി സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള ലാബ് സമുച്ചയത്തിന്റെ നിർമ്മാണം മുൻപ് നിശ്ചയിച്ചിരുന്ന സ്ഥലത്തു തന്നെ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ- 3 (ഭരണ വിഭാഗം )
4. സർവ്വകലാശാല എൻജിനീയർ
5. M/s. KITCO Ltd
6. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
7. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
8. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
9. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
10. സി . എം . എസ്
11. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 43724/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 29-Nov-2019 12:03 PM - Page 2